**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4619** **23.07.2015 ൽ മറുപടിയ്ക്ക്**

**സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്നുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ<br>,, കെ.എം.ഷാജി<br>,, പി.കെ.ബഷീർ<br>,, പി.ബി. അബ്ദുൽ റസാക് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സെക്കി) സംസ്ഥാന ഏജൻസിയുമായിച്ചേർന്നുള്ള സംയുക്ത സംരംഭത്തിൽ പങ്കാളിത്തം വഹിക്കേണ്ട ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ എനർജി പാർക്ക് സ്ഥാപിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സെക്കിയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ടി പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യുമായും THDCIL-യുമായും സെക്കിയും കെ.എസ്.ഇ.ബി.ലിമിറ്റഡും ചേർന്ന് അമ്പത് മെഗാവാട്ട് വീതം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെവ്വേറെ ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്. ബാക്കി 100 മെഗാവാട്ട് SECI യും KSEB യും ചേർന്ന് ഒരു സംയുക്ത സംരംഭമായി കേന്ദ്ര സർക്കാരിന്റെ Solar Park Scheme- ന്റെ നിബന്ധനകൾക്കനുസരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ